സ.ഉ.(സാധാ) നം.1493/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ല- വേങ്ങര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വേങ്ങര ടൗൺ ഗവൺമെന്റ് മോഡൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നത്- കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(4)(എ) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി)വകുപ്പ്

സ.ഉ.(സാധാ) നം.1493/2022/LSGD തിരുവനന്തപുരം, തീയതി: 20-06-2022

---

പരാമർശം:- ചീഫ് ടൗൺ പ്ലാനറുടെ 02.05.2022ലെ TCPCTP/703/2022-C2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിൽ വേങ്ങര വില്ലേജിൽ സർവ്വേ നമ്പർ 323/2-ൽ ഉൾപ്പെട്ട 4330 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിൽ പ്രവർത്തിച്ചു വരുന്ന ഹയർ സെക്കണ്ടറി സ്കൂൾ കാമ്പസിൽ നിലവിലുള്ളതും ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ 2 നിലകളോട് കൂടിയ ബി ബ്ലോക്ക് കെട്ടിടത്തിന്റെ രണ്ടാം നില പണിയുന്നതിനും മൂന്നു നിലകളിലായി കെട്ടിടത്തോടു കൂട്ടിച്ചേർക്കൽ നടത്തുന്നതിനുമായി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 3(4)(a) പ്രകാരം ഇളവുകൾ നൽകുന്നതിനായുള്ള അപേക്ഷ, ബന്ധപ്പെട്ട രേഖകൾ സഹിതം, ചീഫ് ടൗൺ പ്ലാനർ പരാമർശം പ്രകാരം ലഭ്യമാക്കിയിരുന്നു.

2. പ്രസ്തുത കെട്ടിടത്തിന് മുൻവശത്തും വശങ്ങളിലുമുള്ള തുറസായ സ്ഥലങ്ങളിൽ ചട്ടലംഘനങ്ങൾ (Front setback min. provided-3.81 and Required -5m, side setback min. provided -2.27 and required -2.50) ഉണ്ടെങ്കിലും; നിലവിലുള്ള ബ്ലോക്ക് B കെട്ടിടത്തിന്റെ മുകളിലായി നിർമ്മാണം നടത്തുന്നതാകയാലും തൊട്ടടുത്ത പ്ലോട്ട് സ്വകാര്യ വ്യക്തികളുടെയും ഭൂമി വിട്ടുകിട്ടുവാൻ പ്രയാസമുള്ളതുമായതിനാൽ പ്രസ്തുത സെറ്റ്ബാക്ക് വയലേഷൻ പരിഹരിക്കാൻ പറ്റാത്തതാണെന്ന് ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, ചട്ടപ്രകാരം വൊക്കേഷണൽ ഹയർസെക്കൻഡറി ഉൾപ്പെടെ ഹയർസെക്കൻഡറി തലം വരെയുള്ള, നിലവിലുള്ള എല്ലാ സ്കൂളുകളുടെയും കാര്യത്തിൽ, നിലവിലുള്ളതും നിർദ്ദേശിച്ചതും ഉൾപ്പെടെ നിർമ്മാണത്തിന്റെ മൊത്തം നിർമ്മിത വിസ്തീർണ്ണം 5000 ചതുരശ്ര മീറ്ററിൽ കവിയുന്നില്ലെങ്കിൽ 3.6 മീറ്റർ പ്രവേശന മാർഗ്ഗം ആവശ്യമാണെന്നിരിക്കെ, ആയത് 3 മീറ്റർ മാത്രമേ ലഭ്യമാകുന്നുള്ളൂ എന്നും പ്ലോട്ടിലേക്ക് നിലവിൽ മിനിമം 3 മീറ്റർ വീതിയിലുള്ള രണ്ട് വ്യത്യസ്ത റോഡുകൾ ലഭ്യമായതായും ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പുതിയ നിർമ്മാണം നിലവിലുള്ള സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള ലാബ്, വർക്ക് ഷോപ്പ്, ലൈബ്രറി എന്നീ അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായുള്ളതിനാലും, നിലവിൽ ഈ സ്കൂളിൽ ആയതിനുള്ള സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലും നിലവിൽ ലാബ് സൗകര്യം ഒരു കിലോമീറ്റർ അകലെയുള്ള സർക്കാർ സ്കൂളിന്റെ പരിമിതമായ സൗകര്യം മാത്രം ഉപയോഗപ്പെടുത്തുന്നത് മൂലം പഠനത്തിന്റെ പൂർണ്ണത കൈവരിക്കാൻ കഴിയാതെ വരുന്നതിനാലും കുട്ടികളുടെ സുരക്ഷിതത്വത്തിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്നതായതിനാലും വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സർക്കാർ സ്കൂളാണെന്നത് പരിഗണിച്ചും ചില നിബന്ധനകളോടെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 26(4), 26(6), എന്നിവ പ്രകാരമുള്ള സെറ്റ്ബാക്ക്, ചട്ടം 28(1) പ്രകാരമുള്ള അക്സസ് വിഡ്ത് എന്നിവയിൽ ചട്ടം 3(4)(എ) പ്രകാരം ഇളവ് അനുവദിക്കുന്നതിന് ചീഫ് ടൗൺ പ്ലാനർ ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്ത്

പരിധിയിലുള്ള വേങ്ങര ടൗൺ ഗവണ്മെന്റ് മോഡൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ, നിലവിൽ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള ലാബ്, വർക്ക് ഷോപ്പ്, ലൈബ്രറി എന്നീ അത്യാവശ്യ സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ അവ ഏർപ്പെടുത്തേണ്ടതാവശ്യമായതിനാലും കുട്ടികളുടെ സുരക്ഷിതത്വത്തിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്നതായതിനാലും വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സർക്കാർ സ്കൂളാണെന്നത് പരിഗണിച്ചും വേങ്ങര ടൗൺ ഗവണ്മെന്റ് മോഡൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിലേക്കായി കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 26(4), 26(6), എന്നിവ പ്രകാരമുള്ള സെറ്റ്ബാക്ക്, ചട്ടം 28(1) പ്രകാരമുള്ള അക്സസ് വിഡ്ത് എന്നിവയിൽ, കെപിബിആർ 3(4) (എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ചുവടെ പറയുന്ന നിബന്ധനകളോടെ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വിഭാവിത നിർമ്മാണം ഇളവ് ലഭിക്കുന്ന ചട്ടങ്ങൾ ഒഴിച്ച് മറ്റ ചട്ടങ്ങളെല്ലാം കെ.പി.ബി.ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് ചട്ടം 5(4) പ്രകാരം ഫയർ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ ഫയർ & ലൈഫ് സേഫ്റ്റി പ്രൊട്ടക്ഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും ചട്ടം 5(4) പ്രൊവിസോ പ്രകാരം മറ്റ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും എൻ.ഒ.സി വാങ്ങേണ്ടതും ആയതിൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾ പാലിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട നിർമ്മാണം നടത്തുന്ന വകുപ്പും സ്കൂൾ അധികാരികളും ഉറപ്പുവരുത്തേണ്ടതാണ്.
3. ചട്ടം 34 പ്രകാരമുള്ള സാനിട്ടേഷൻ സൗകര്യം നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. ചട്ടം 42 ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ച് അംഗപരിമിതർക്ക് ആവശ്യമായ റാമ്പ്, ലിഫ്റ്റ്, ടോയ്ലറ്റ്, പാർക്കിംഗ് എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
5. കെ.പി.ബി.ആർ ചട്ടം 76(1), ചട്ടം 76(2), (3), ചട്ടം 79(3) എന്നിവ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടഭാഗത്തിൽ നൽകിയിട്ടുള്ള സ്റ്റെയർകേസിന് 1.75മീ വീതി ലഭ്യമാക്കിയ പ്ലാൻ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണാനുമതി നൽകാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പാൾ, ജി.എം.വി.എച്ച്.എസ്.എസ്, വേങ്ങര ടൗൺ.

സെക്രട്ടറി, വേങ്ങര ഗ്രാമപഞ്ചായത്ത്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

✓എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

(ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Suja S K**
**Date: 21-06-2022 12:26:16**
സെക്ഷൻ ഓഫീസർ